നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 16, വെള്ളി

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 1979 മാർച്ച് 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറും വോട്ട് ഓൺ അക്കൗണ്ടും സമർപ്പണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് 1979-80 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ)

സർ, ഞാൻ 1979-80 സാമ്പത്തികവർഷത്തേക്കുള്ള 'ബഡ്ജറും വോട്ട് ഓൺ അക്കൗണ്ടും' അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ,

1979-80 ലെ സംസ്ഥാന ബഡ്ജറ് ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു:

ബഡ്ജറിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുമ്പ്, സംസ്ഥാന ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയെപ്പറ്റി ഹ്രസ്വമായ ഒരവലോകനം നടത്തേണ്ടതു് ആവശ്യമായിത്തോന്നുന്നു. ഇക്കാര്യത്തിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടു് ഈ സഭയിൽത്തന്നെ ബഹുമാന്യരായ അംഗങ്ങളും ഈയിടെ സംസാരിക്കുകയുണ്ടായി. നമ്മുടെ സാമ്പത്തിക നില ഭദ്രമല്ല എന്ന ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു ഇത്. വിശദമായൊരു വിവരണം ബഡ്ജറ് പ്രസംഗസമയത്തേക്കു മാറ്റിവച്ചുകൊണ്ടുതന്നെ ഒരു കാര്യം ഞാൻ വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ കുറെക്കാലത്തെ അനുഭവത്തിൽനിന്നും തികച്ചും വ്യത്യസ്തമായി ഏറ്റവും സാമ്പത്തിക ഭദ്രതയുള്ള ഒരു വർഷമാണ് നാം പിന്നിടുന്നത്. ഇക്കാര്യം വിശദീകരിക്കുമ്പോൾ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ സാമ്പത്തിക ഭരണത്തിന്റെയെങ്കിലും ചെറിയൊരു വിവരണം ആവശ്യമായി വരുന്നു.

ഇങ്ങനെയൊരു തിരിഞ്ഞുനോട്ടത്തിന് മറ്റൊരീതിയിലും ഇപ്പോൾ പ്രസക്തിയുണ്ട്. ആറാം ധനകാര്യകമ്മീഷന്റെ അവാർഡ് പ്രാബല്യത്തിലിരിക്കുന്ന അഞ്ചാമത്തേയും അവസാനത്തേതുമായ വർഷമാണ് ഇത്. കാലാവധിയുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ്. മാറ്റമൊന്നും വരുത്തിയിരുന്നില്ലെങ്കിൽ അഞ്ചാം പദ്ധതിയും ഈ വർഷത്തോടുകൂടിയേ അവസാനിക്കുമായിരുന്നുള്ളു. കഴിഞ്ഞ വർഷത്തോടുകൂടി അഞ്ചാം പദ്ധതി അവസാനിച്ചു എന്നാണ് കേന്ദ്രഗവൺമെന്റിന്റെയും പ്ലാനിംഗ് കമ്മീഷന്റെയും നിലപാടെങ്കിലും ആ പദ്ധതിക്കാലത്തെ ''കമ്മിറ്റഡ്'' ചെലവുകൾ അടുത്തവർഷം മുതൽ മാത്രമേ നോൺപ്ലാൻ ചെലവയി അവരും കണക്കാക്കുന്നുള്ളു. ഏഴാം ധനകാര്യ കമ്മീഷന്റെ അവാർഡിന്റെ അടിസ്ഥാനത്തിലുള്ള കേന്ദ്രഗവൺമെന്റ് തീരുമാനങ്ങൾ പ്രാബല്യത്തിൽ വരുന്നതും അടുത്ത വർഷമാണ്. ഈ പശ്ചാത്തലത്തിലും, കഴിഞ്ഞ അഞ്ചുവർഷത്തെ സാമ്പത്തിക സ്ഥിതിയെപ്പറ്റിയുള്ള ഒരു വിലയിരുത്തലിന് ഇപ്പോൾ പ്രസക്തിയുണ്ട്.

1974-75-ൽ അഞ്ചാം പദ്ധതി തുടങ്ങുമ്പോൾ നമുക്ക് മുപ്പത്തി ഒന്നു കോടി രൂപയുടെ കമ്മിയുണ്ടായിരുന്നു. നാലാം പദ്ധതിക്കാലത്തു് നിലവിലുണ്ടായിരുന്ന ധനകാര്യകമ്മീഷൻ അവാർഡിന്റെ അപര്യാപ്തതയായിരുന്നു ഇതിന്റെ പ്രധാനകാരണം. സംസ്ഥാനത്തിന്റെ വേയ്സ് ആൻറ് മീൻസ് നില ഒട്ടും തൃപ്തികരമായിരുന്നില്ല. തുടർച്ചയായി റിസർവ്വ് ബാങ്കിൽനിന്നും ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിരുന്നു. 1974–75 ന്റെ തുടക്കത്തിൽ നമ്മുടെ കണക്കിലുള്ള പണമിടപാടുകൾ റിസർവ്വ് ബാങ്ക് താൽക്കാലികമായി നിറുത്തിവയ്ക്കുകപോലുമുണ്ടായി. കേന്ദ്രത്തിൽനിന്നു കിട്ടാനുള്ള തുകകളിലൊരുഭാഗം മുൻകൂറായി വാങ്ങിയാണ് ആ പ്രതിസന്ധി അന്നു നാം തരണം ചെയ്തത്.

ഇന്നത്തെ സ്ഥിതി എത്രയോ വ്യത്യസ്തമാണ്. ഇക്കൊല്ലത്തെ പുതിയ അടങ്കലുകളനുസരിച്ചുതന്നെ ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ഒട്ടും കമ്മി പ്രതീക്ഷിക്കുന്നില്ല. നാലുകോടി രൂപയുടെ മിച്ചമാണ് പുതുക്കിയ അടങ്കലുകളനുസരിച്ച് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം റിസർവ്വ് ബാങ്കിൽനിന്ന് ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ട ആവശ്യമേ ഉണ്ടായിട്ടില്ല. അനുവദനീയമായ വേയ്സ് ആൻഡ് മീൻസ് അഡ്വാൻസ് പോലും കഴിഞ്ഞ കുറെ മാസങ്ങളായി നാം ഉപയോഗിച്ചിട്ടില്ല. നേരേമറിച്ച് മിച്ചമുള്ള തുകകളും താൽക്കാലിക നിക്ഷേപങ്ങളാക്കുവാൻതന്നെ നമുക്കു കഴിഞ്ഞു.

എന്നാൽ സാമ്പത്തിക നിലയിൽ ഈ പുരോഗതി കൈവരിച്ചത് പദ്ധതി ചെലവുകളിലോ മറ്റു പ്രധാനപ്പെട്ട ചെലവുകളിലോ വെട്ടിക്കുറയ്ക്കലുകളില്ലാതെയായിരുന്നു എന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. കേരളത്തിന്റെ അഞ്ചാം പഞ്ചവൽസര പദ്ധതി 563 കോടി രൂപയായിട്ടാണ് ആദ്യം വിഭാവനം ചെയ്തത്. നടപ്പുവർഷം പദ്ധതി പ്രവർത്തനങ്ങൾക്ക് ചെലവാക്കുന്ന തുകകൂടി കണക്കാക്കുമ്പോൾ അഞ്ചുവർഷക്കാലത്തെ (1974–79) മൊത്തം പദ്ധതിചെലവ് ഉദ്ദേശം 680 കോടി രൂപയായിരിക്കും. ഇത് നേരത്തെ ഉദ്ദേശിച്ചിരുന്ന അടങ്കൽ തുകയേക്കാൾ ഏതാണ്ട് 120 കോടി രൂപയോളം കൂടുതലാണ്. അഞ്ചാം പദ്ധതിയുടെ ആദ്യത്തെ രണ്ടുവർഷം അമിതമായ പണപ്പെരുപ്പംമൂലം നോൺപ്ലാൻ അക്കൗണ്ടിൽ ഉണ്ടായ അധികച്ചെലവ് നാം വഹിച്ചു. ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ചെലവുവന്നത് ഉദ്യോഗസ്ഥൻമാരുടെ ശമ്പളമിനത്തിലാണ്. മൂന്നാം കേന്ദ്രശമ്പളകമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് അംഗീകരിച്ച 196 രൂപതന്നെ ഏറ്റവും കുറഞ്ഞ വേതനമാക്കിക്കൊണ്ടുള്ള ശമ്പള പരിഷ്ക്കരണം ഒട്ടും കാലതാമസംകൂടാതെ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം എന്നത് അഭിമാനാർഹമായ കാര്യമാണ്. കേന്ദ്രം പല തവണകളായി ക്ഷാമ ബത്തയിൽ വരുത്തിയ വർദ്ധനവ് അതേ നിരക്കിൽത്തന്നെ സംസ്ഥാന ജീവനക്കാർക്കും നൽകി. ഈ കാരണംകൊണ്ട് അഞ്ചാം പദ്ധതി തുടങ്ങുമ്പോൾ ശമ്പളമിനത്തിലുണ്ടായിരുന്ന ഏതാണ്ട് 135 കോടിയുടെ വാർഷികച്ചെലവ് ഈ വർഷത്തോടെ ഉദ്ദേശം 280 കോടി രൂപയായി വർദ്ധിക്കുന്നു. ശമ്പളമിനത്തിലുണ്ടായ ക്രമാതീതമായ ഈ വർദ്ധനവു മൂലം അഞ്ചുകൊല്ലക്കാലത്ത് ഏതാണ്ട് 450 കോടി രൂപയുടെ അധിക ച്ചെലവ് ഉണ്ടായി. വിൽപ്പന നികുതി, കാർഷികാദായ നികുതി, എക്സൈസ്, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ, വനം, സേവിംഗ സ് ബാങ്ക് എന്നീ ഇനങ്ങളിൽനിന്നുള്ള അധികവരവാണ് സംസ്ഥാന ത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് പ്രധാനമായും കാരണമായത്. സംസ്ഥാനത്തിന്റെ വരുമാനങ്ങളും നോൺപ്ലാൻ ചെലവുകളും ആറാം ധനകാര്യ കമ്മീഷൻ യാഥാർത്ഥ്യബോധത്തോടെ കണക്കാക്കി സഹായമനുവദിച്ചതും സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ സഹായകമായി. അനാവശ്യച്ചെലവുകൾ ഒഴിവാക്കുവാൻ നടത്തിയ ശ്രമവും വലിയൊരളവുവരെ വിജയിക്കുകയുണ്ടായി. അഞ്ചാം പദ്ധതിക്കാലത്ത് കേന്ദ്ര ഗവൺമെന്റും ആസൂത്രണകമ്മീഷനും സംസ്ഥാനത്തിന്റെ കാര്യങ്ങളിൽ സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. 1977–78 മാണ്ട് അവസാനത്തിൽ ഉണ്ടായേക്കാവുന്ന 15 കോടി രൂപയുടെ കമ്മിനികത്താനുള്ള വായ്പ നടപ്പു വർഷത്തിൽ കേന്ദ്രത്തിൽനിന്ന് നമുക്കു ലഭിക്കുന്നതാണ്. എങ്കിലും നമുക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ന്യായമായ വിഹിതം മുഴുവനും കിട്ടിയെന്നു പറയുവാൻ സാദ്ധ്യമല്ല. കൂടാതെ സംസ്ഥാന മേഖലയിൽപ്പെട്ട രംഗങ്ങളിലേക്ക് കേന്ദ്രം കടന്നുവരുന്ന ഒരു പ്രവണത അടുത്തകാലത്ത് ദൃശ്യമായിട്ടുണ്ട്. കേന്ദ്ര വിൽപ്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതികളും, തേയിലയിൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതികളും, വിദ്യുച്ഛക്തി ഉൽപ്പാദനത്തിൻമേലുള്ള എക്സൈസ്

LIBRARY ARCHIVES Kerala Legislative Assembly

നികുതി എന്നിവ ഇതിനുദാഹരണങ്ങളാണ്. നമ്മുടെ വരവിനങ്ങളെ ആനുപാതികമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ഈ പ്രവണതയെ നാം ഒറ്റക്കെട്ടായി എതിർക്കേണ്ടതുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, 1974-75 നു ശേഷം ഇന്നുവരെയുള്ള കാലയളവിൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി ഗണ്യമായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി, വികസനപദ്ധതികൾക്കുള്ള ചെലവിനും സർക്കാർ ജീവനക്കാരുടെ ശമ്പള വർദ്ധനപോലെയുള്ള ചെലവിലും ഉണ്ടായ ഭാരിച്ച വർദ്ധനവും നേരിടുവാൻ നമുക്കു കഴിഞ്ഞു. വർഷാന്ത്യ കമ്മിയുടെയും തുടർച്ചയായുള്ള ഓവർ ഡ്രാഫ്റ്റിന്റെയും വിഷമതകളും നാം പിന്നിട്ടിരിക്കുന്നു. വെള്ളപ്പൊക്കക്കെടുതി പോലെയുള്ള അപ്രതീക്ഷിതമായ ആപത്തുകളും നേരിടുവാൻവേണ്ടി വരുന്ന, പെട്ടെന്നുള്ള വലിയ പണച്ചെലവുപോലും കേന്ദ്ര സഹായത്തിനു വേണ്ടി കാത്തിരിക്കാതെതന്നെ ചെയ്യാൻ ഇപ്പോൾ നമുക്കു കഴിവുണ്ട്. വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതിലും അനാവശ്യച്ചെലവുകൾ ഒഴിവാക്കുന്നതിലും, കേന്ദ്രത്തിൽനിന്നുള്ള സഹായം നേടിയെടുക്കുന്നതിലും കഴിഞ്ഞ വർഷങ്ങളിൽ ഗവൺമെന്റിനു കൈവരിക്കുവാൻ കഴിഞ്ഞ വിജയമാണ് ഈ അഭിവൃദ്ധിയുടെ പിന്നിലുള്ളത്.

ഏഴാം ധനകാര്യക്കമ്മീഷന്റെ റിപ്പോർട്ടും അതിൻമേൽ കേന്ദ്രഗവൺമെന്റ് കൈക്കൊണ്ട തീരുമാനങ്ങളും ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടല്ലോ. കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് വിഭവ കൈമാറ്റം നടത്തുന്നതിൽ മുൻകമ്മീഷനുകളുടേതിൽനിന്നും വ്യത്യസ്തമായ ഒരു പുതിയ സമീപനമാണ് ഏഴാം ധനകാര്യക്കമ്മീഷൻ സ്വീകരിച്ചതെന്ന് പറയുവാൻ എനിക്ക് സന്തോഷമുണ്ട്. രണ്ടു കാര്യങ്ങളാണ് പ്രധാനമായും, നാം ധനകാര്യകമ്മീഷന്റെ മുമ്പിൽ ഉന്നയിച്ചിരുന്നത്. ഒന്നാമതായി, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച്, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ചെലവഴിക്കുന്ന സംസ്ഥാനങ്ങൾക്ക്, നോൺപ്ലാൻ ചെലവുകൾക്കുവേണ്ടി ന്യായമായ തുക അനുവദിക്കുക. രണ്ടാമതായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്കുകൂടി റവന്യൂ അക്കൗണ്ടിൽ മിച്ചം വരത്തക്കവിധം ന്യായമായ വിഭവ കൈമാറ്റം അനുവദിക്കുക. ഈ കാര്യങ്ങൾ ഏറെക്കുറെ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. കേരളത്തെപ്പോലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്കുകൂടി റവന്യൂ കണക്കിൽ മിച്ചം വരത്തക്കനിലയിൽ വിഭവകൈമാറ്റം നൽകേണ്ടത് ആവശ്യമാണെന്ന കാര്യം, കമ്മീഷൻ അംഗീകരിച്ചത് ആദ്യമായാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നമുക്ക് ആണ്ടുതോറുമുള്ള ചെലവിനങ്ങളെപ്പറ്റി, യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു വിലയിരുത്തലാണ് കമ്മീഷൻ ഇപ്രാവശ്യം നടത്തിയിരിക്കുന്നത്. കേന്ദ്രത്തിൽനിന്നും വാങ്ങിയ വായ്പ ഉൽപാദനക്ഷമമല്ലാത്ത പദ്ധതികൾക്ക് ചെലവഴിച്ച വകയിൽ ബാക്കിനിൽക്കുന്ന തുക എഴുതിത്തള്ളണം എന്ന നിർദ്ദേശം ആദ്യമായി അംഗീകരിച്ചതും ഈ ധനകാര്യകമ്മീഷനാണ്. സംസ്ഥാനങ്ങളുടെ മൊത്തത്തിലുള്ള കടബാദ്ധ്യതയും കേന്ദ്രത്തിൽനിന്നുള്ള വായ്പ ഓരോ സംസ്ഥാനവും ഏതു തരത്തിൽ വിനിയോഗിച്ചു എന്നുള്ള കാര്യവും വിശദമായി പരിശോധിച്ച് കമ്മീഷൻ ഒരു പുണ്യാശ്വാസ പദ്ധതി ശുപാർശ ചെയ്യുകയുണ്ടായി. ഇതുപ്രകാരം ഉൽപ്പാദനപരമല്ലാത്ത പദ്ധതികൾക്ക് ചെലവാക്കിയ വായ്പ എഴുതിത്തള്ളുവാനും പൂർണ്ണമായി ഉൽപ്പാദനപരമല്ലാത്ത പദ്ധതികൾക്ക് ചെലവാക്കിയ വായ്പ 30 വാർഷിക തവണകളായും, ഉൽപ്പാദനപരമായ പദ്ധതികൾക്ക് ചെലവാക്കിയ വായ്പ 15 വാർഷിക തവണകളായും തിരിച്ച

LIBRARY ARCHIVES Kerala Legislative Assembly

ടയ്ക്കുവാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. കമ്മീഷന്റെ ഈ ശുപാർശ
യുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലക്കാലത്തേക്ക് (1979—84)
നമുക്ക് കേന്ദ്രവായ്പ തിരിച്ചടയ്ക്കേണ്ട വകയിൽ ഉദ്ദേശം 115 കോടി
രൂപയുടെ ആശ്വാസം ലഭിക്കുന്നതാണ്. ചില പ്രത്യേകതരം വായ്പക
ളൊഴിച്ച്, 31.3.1979-ൽ ബാക്കി നിൽക്കുന്ന കേന്ദ്രവായ്പകളുടെ 25 ശത
മാനം എഴുതിത്തള്ളുന്നതുമാണ്. ഇപ്രകാരം എഴുതിത്തള്ളുന്ന തുക
എത്രാണ്ട് 125 കോടി രൂപവരുമെന്നു കണക്കാക്കപ്പെടുന്നു. കമ്മീഷന്റെ
അവാർഡ് പ്രകാരം, വരുന്ന അഞ്ചുകൊല്ലക്കാലത്ത് സംസ്ഥാനത്തിന്
235 കോടി രൂപാ റവന്യൂ മിച്ചം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.
പോലീസുകാർക്കുള്ള ഭവന നിർമ്മാണപദ്ധതിപോലെയുള്ള മൂലധന
ച്ചെലവിലേക്ക് കേന്ദ്രസഹായം ഗ്രാന്റ് ആയി നൽകണമെന്ന തത്ത്വം
ആദ്യമായി ഈ കമ്മീഷൻ ശുപാർശചെയ്തു. മേൽപ്പറഞ്ഞ കമ്മീഷന്റെ
ശുപാർശകളും പൊതുവെ സ്വാഗതാർഹമാണെങ്കിലും കമ്മീഷന്റെ ശുപാർശ
കളിലുള്ള ചില പോരായ്മകളുംകൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ
ആഗ്രഹിക്കുന്നു. നമ്മെപ്പോലെയുള്ള ചില പിന്നോക്ക സംസ്ഥാന
ങ്ങൾക്ക് റവന്യൂ മിച്ചം കമ്മീഷൻ അനുവദിച്ചതോടൊപ്പം തന്നെ ചില
സമ്പന്നസംസ്ഥാനങ്ങൾക്ക് വളരെക്കൂടുതലായ റവന്യൂമിച്ചം കമ്മീഷന്റെ
ശുപാർശകളുപ്രകാരം ലഭിക്കുന്നതാണ്. സംസ്ഥാനങ്ങളും തമ്മിലുള്ള
റവന്യൂമിച്ചത്തിലുള്ള അന്തരം 87 കോടി മുതൽ 3005 കോടി രൂപവരെ
യാണ്. പ്രതിശീർഷമായി കണക്കാക്കിയാൽ ഈ വ്യത്യാസം 15 രൂപ
മുതൽ 676 രൂപവരെയായിരിക്കും. സംസ്ഥാനങ്ങളുടെ റവന്യൂ മിച്ച
ത്തിൽ ഉണ്ടാകുന്ന ഈ ഭീമമായ അസമത്വം കമ്മീഷനിലെ ഒരംഗമായ
പ്രൊഫസർ രാജകൃഷ്ണ തന്നെ തന്റെ ഭിന്നാഭിപ്രായ കുറിപ്പിൽ രേഖ
പ്പെടുത്തിയിട്ടുണ്ട്. നോൺപ്ലാൻ മേഖലകളിലുള്ള നമ്മുടെ സുപ്രധാന
മായ ചില ബാദ്ധ്യതകളും കമ്മീഷൻ കണക്കിലെടുത്തില്ല എന്നതാണ്
മറെറാരു നിരാശാജനകമായ വസ്തുത. സ്കൂൾ അദ്ധ്യാപകരുടെ
ശമ്പളപരിഷ്കരണം, തൊഴിലില്ലായ്മ വേതനം, താങ്ങുവില നിശ്ച
യിക്കൽ എന്നിവമൂലമുള്ള ബാദ്ധ്യതകളും ഈ ഇനത്തിൽപ്പെടുന്നു.
ഈ ചെലവുകൂടികൂടി കണക്കിലെടുത്താൽ കമ്മീഷൻ കണക്കുകൂട്ടിയ
റവന്യൂ മിച്ചം വളരെയധികം കുറയുന്നതാണ്. കമ്മീഷന്റെ അഭിപ്രായ
ത്തിൽ നമ്മുടെ ഭരണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണെന്ന കാരണ
ത്താൽ ഭരണസംവിധാനം മെച്ചപ്പെടുത്തുവാൻ അനുവദിച്ച തുകയിൽ നമ്മുടെ
വിഹിതം വളരെ കുറഞ്ഞുപോയി. ഇക്കാരണങ്ങൾകൊണ്ട് കേരളത്തെ
സംബന്ധിച്ചിടത്തോളം കമ്മീഷന്റെ അവാർഡ് പൂർണ്ണമായും തൃപ്തി
കരമാണെന്നു പറയുവാനും നിർവ്വാഹമില്ല.

ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാവുന്നതുപോലെ, അഞ്ചാം
പഞ്ചവൽസരപദ്ധതി കാലാവധി തീരുന്നതിന് ഒരുകൊല്ലം മുമ്പു
തന്നെ അവസാനിപ്പിക്കുകയുണ്ടായല്ലോ. 1978—83 കാലഘട്ടത്തിലേ
ക്കുള്ള "മദ്ധ്യകാലപദ്ധതി"ക്ക് കേന്ദ്രഗവൺമെൻറും ആസൂത്രണ
ക്കമ്മീഷനും ഇതേവരെ അവസാനരൂപം നൽകികഴിഞ്ഞിട്ടില്ല.
സംസ്ഥാന പദ്ധതികൾക്ക് നൽകേണ്ട കേന്ദ്രസഹായത്തെപ്പറ്റിയും,
കേന്ദ്രാവിഷ്കൃതമേഖലയിൽ പെടുത്തേണ്ട പദ്ധതിതുകയെപ്പറ്റിയും,
അവയ്ക്കു നീക്കിവയ്ക്കേണ്ട തുകയെപ്പറ്റിയും തീരുമാനമെടുക്കാൻ
ദേശീയവികസന കൗൺസിൽ കഴിഞ്ഞമാസം കൂടിയിരുന്നു. കേന്ദ്രാ
വിഷ്കൃതപദ്ധതികൾക്ക് നീക്കിവയ്ക്കപ്പെടേണ്ട തുകയിൽ കുറവു
വരുത്തി, തൻമൂലമുണ്ടാകുന്ന മിച്ചം സംസ്ഥാനപദ്ധതികൾക്ക് കേന്ദ്ര
സഹായമായി നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കണ
മെന്നായിരുന്നു പൊതുവെയുണ്ടായ അഭിപ്രായം. സംസ്ഥാന പദ്ധതി

LIBRARY ARCHIVES, Kerala Legislative Assembly

കൊക്കായുള്ള കേന്ദ്രസഹായം പങ്കുവയ്ക്കുമ്പോൾ, സംസ്ഥാനങ്ങൾ തമ്മിലുള്ള റവന്യൂ മിച്ചത്തിലുള്ള ഭീമമായ അന്തരം കുറയ്ക്കുവാനും റവന്യൂ മിച്ചം കുറവായ സംസ്ഥാനങ്ങൾക്ക് ചുരുങ്ങിയത് എല്ലാ സംസ്ഥാനങ്ങളുടെയും മൊത്തം ശരാശരി റവന്യൂ മിച്ചമെങ്കിലും ഉണ്ടാക്കുന്നതിനും വേണ്ടി കേന്ദ്രസഹായത്തിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തണമെന്ന ഒരു വാദമാണ് പിന്നോക്ക സംസ്ഥാനങ്ങൾ മുഖ്യമായും ഉന്നയിച്ചത്. സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രസഹായം ഇപ്പോൾ നിലവിലുള്ള ഗാഡ്ഗിൽ ഫോർമുലയനുസരിച്ചുതന്നെ സംസ്ഥാനങ്ങൾക്ക് വീതിക്കുവാനും കേന്ദ്രാവിഷ്കൃതപദ്ധതികൾ പരമാവധി ചുരുക്കി മിച്ചംവരുന്ന 2000 കോടി രൂപ സംസ്ഥാനങ്ങളുടെ പ്രതിശീർഷവരുമാനവും ജനസംഖ്യയും കണക്കിലെടുത്തുകൊണ്ട് സംസ്ഥാനങ്ങൾക്ക് വീതിക്കുവാനും ആണ് അവസാനമായി തീരുമാനിച്ചത്. 1978–83 കാലഘട്ടത്തേക്കുള്ള ദേശീയ പദ്ധതിക്ക് അവസാനരൂപം നൽകാൻ ആസൂത്രണകമ്മീഷൻ സംസ്ഥാന ഗവൺമെൻറുകളുമായി വീണ്ടും ചർച്ചകൾ നടത്തുന്നതാണ്. സംസ്ഥാന പദ്ധതികൾക്ക് കേന്ദ്രസഹായം പങ്കിടുന്ന കാര്യത്തിലും പ്രത്യേകിച്ച് പിന്നോക്ക സംസ്ഥാനങ്ങൾക്ക് കൂടുതൽ സഹായം അനുവദിക്കുന്ന കാര്യത്തിലും, ദേശീയ വികസന കൗൺസിൽ കുറച്ചുകൂടി ധീരവും പുരോഗമനപരവുമായ ഒരു സമീപനമാണ് സ്വീകരിക്കേണ്ടിയിരുന്നതെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

സമ്പദ്വ്യവസ്ഥ

1978–ൽ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ പൊതുവേ തൃപ്തികരമായിരുന്നു. സംസ്ഥാനത്തെ ഉപഭോക്തൃവിലസൂചികയിലുണ്ടായ ശരാശരി വർദ്ധനവ് മുന്നു ശതമാനത്തിൽ കുറവായിരുന്നു. അഖിലേന്ത്യാതലത്തിൽ ഇത് 4.4 ശതമാനമാണ്. സംസ്ഥാനത്ത് നിലവിലുള്ള പൊതുവിതരണസമ്പ്രദായം കാര്യക്ഷമമായിരുന്നതുകൊണ്ട് പണപ്പെരുപ്പത്തിന്റെ സമ്മർദ്ദം സാമ്പത്തികസ്ഥിതിയെ കാര്യമായൊന്നും ബാധിക്കുകയുണ്ടായില്ല. ഭക്ഷ്യധാന്യമൊഴിച്ചുള്ള കാർഷിക വിളകളുടെ മൊത്തവിലയിലുണ്ടായ വർദ്ധനവ്, ഭക്ഷ്യേതര വിളകൾ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് പ്രയോജനകരമായിരുന്നു. ഏറ്റവും ഒടുവിലത്തെ ഔദ്യോഗിക കണക്കുകളനുസരിച്ച്, കഴിഞ്ഞകൊല്ലം വിദേശരാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്ക് അയയ്ക്കപ്പെട്ട മൊത്തംതുക 1800 കോടി രൂപയാണ്. ഇതിൽ 400 കോടി രൂപ കേരളത്തിലേക്കാണ് വന്നത്. ഇത് പ്രധാനമായും ഗൾഫ് നാടുകളിൽ ജോലി നോക്കുന്ന കേരളീയരിൽനിന്നുമാണ്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലേയും കുടുംബങ്ങളുടെ ജീവതനിലവാരം ഉയർത്താൻ ഇത് സഹായകമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ നല്ലൊരു ഭാഗം വീടുകൾ പണിയുവാനും വസ്തുവകകൾ വാങ്ങുവാനുമായാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഇതുമൂലം നാട്ടിൻപുറത്തുപോലും വസ്തുക്കളുടെ വില ക്രമാതീതമായി ഉയർന്നിട്ടുണ്ട്. ഇങ്ങനെ പുറമെനിന്നു വരുന്ന പണം, സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് തിരിച്ചുവിടാൻ കഴിയാതെ വരുന്നപക്ഷം, പണപ്പെരുപ്പം വർദ്ധിക്കുകയും സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുഷ്കരമായിത്തീരുകയും ചെയ്യും. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ഗൾഫ് നാടുകളിൽനിന്നും കേരളത്തിലേക്കയക്കുന്ന പണത്തിന്റെ ഒരു ഭാഗം സ്വരൂപിച്ചു പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുവാൻ സാധിക്കത്തക്കവിധം ഒരു

LIBRARY ARCHIVES Kerala Legislative Assembly